## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1092.** **10.06.2019 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ലഭ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ മദ്യ മയക്കുമരുന്ന് മാഫിയകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം ലഹരി മരുന്ന് മാഫിയകളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ലഹരി മരുന്ന് മാഫിയകളെ കണ്ടെത്തുന്നതിനായി എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോഎക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതോടൊപ്പം അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിലും ദേശീയപാതകളിലും ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധനയും നടത്തി വരുന്നു.<br>ലഹരി മരുന്ന് മാഫിയകളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് അത്തരം കേസ്സുകൾ കണ്ടെത്തുമ്പോൾ കൂടുതൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് സാദ്ധ്യമായ പരമാവധി ശിക്ഷ ലഭിക്കത്തക്ക രീതിയിൽ പഴുതുകളില്ലാത്ത അന്വേഷണ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ലഭ്യത കൂടുന്നതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ |

| | | | |
|---|---|---|---|
| | | | കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്‌നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാൻറുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഫലമായി നിരവധി മേജർ എൻ.ഡി.പി.എസ് കേസുകൾ കണ്ടെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ലഹരി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് പൊതുജനവുമായി സഹകരിച്ച് നവീന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | ലഹരി ഉപയോഗത്തിനെതിരെ ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി' രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ക്യാമ്പസുകളിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി. എന്നിവയുടെ പങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നതാണ്. ലഹരി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ചിട്ടയായി പ്രവർത്തനം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ